


ലേഖനം

അബ്ദുൽ ഹകീം നദ്‌വി

# ഖിബ്‌ലമാറ്റവും ലോക നേതൃപദവിയും

**റമദാനിന്** ശേഷം പ്രവാചകൻ ഏറ്റവുമധികം നോമ്പനുഷ്ഠിച്ചിരുന്ന മാസമാണ് ശഅ്ബാൻ. ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാനമായ മറ്റൊരു സംഭവത്തിനു കൂടി സാക്ഷിയായ മാസമാണിത്. ബിദ്അത്തുകളുടെ ആദർശവൽക്കരണത്തിന്റെ ഭാഗമായി ബറാഅത്ത് രാവ് ഉണ്ടെന്നും ഇല്ലെന്നും സ്ഥാപിച്ചെടുക്കാനുള്ള തത്രപ്പാടിനിടയിൽ എല്ലാവരും മറന്നു പോയതാണീ ചരിത്ര സംഭവം. ബൈതുൽ മഖ്ദിസ് ഖിബ്‌ലയാക്കി നമസ്കരിച്ചിരുന്ന മുസ്‌ലിം സമൂഹം അല്ലാഹുവിന്റെ നിർദേശാനുസരണം മക്കയിലെ കഅ്ബക്ക് അഭിമുഖമായി നമസ്കരിക്കാൻ ആരംഭിച്ചത് ഹിജ്റ രണ്ടാം വർഷം ശഅ്ബാനിലായിരുന്നു.

> മാനവികവും ആത്മീയവുമായ ഗുണങ്ങൾ മേളിക്കുമ്പോഴാണ് ദൈവിക പ്രാതിനിധ്യമെന്ന ഉത്തരവാദിത്വം അല്ലാഹു ഒരു സമൂഹത്തെ ഏൽപിക്കുന്നത്. അത്തരം ഒരു സംഘം നിലവിലില്ലെങ്കിൽ, അടിസ്ഥാന മാനവിക യോഗ്യതകൾ മാത്രമുള്ള, ഭൗതികോപാധികളിൽ മികച്ച് നിൽക്കുന്നവർക്ക് അല്ലാഹു ലോക നേതൃപദവി ഏൽപിച്ച് കൊടുക്കുന്നു.

ഖിബ്‌ലമാറ്റം കേവലം നമസ്കാരത്തിന്റെ കർമശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു 'മസ്അല' മാത്രമല്ല. നമസ്കാരത്തിൽ ഖിബ്‌ലക്ക് അഭിമുഖമായി തന്നെ നിൽക്കണമോ, ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിഞ്ഞാൽ മതിയോ മുതലായ കാര്യങ്ങളൊക്കെ കർമശാസ്ത്രഗ്രന്ഥങ്ങളിൽ മുടിനാരിഴ കീറി ചർച്ച ചെയ്യുന്നുണ്ടെങ്കിലും ഖിബ്‌ലമാറ്റത്തിന്റെ ചരിത്രവിശകലനം അധികമൊന്നും കാണാറില്ല. കഅ്ബയെ ഖിബ്‌ലയാക്കി നിശ്ചയിക്കുന്നതിനു മുമ്പ് ഫലസ്ത്വീനിലെ ബൈതുൽ മഖ്ദിസിലേക്ക് തിരിഞ്ഞായിരുന്നു മുസ്‌ലിംകൾ നമസ്കരിച്ചിരുന്നത്. ഏകദൈവവിശ്വാസത്തിന്റെ എക്കാലത്തെയും പ്രതീകമായ കഅ്ബയെ മാറ്റിനിർത്തി, തുടക്കത്തിൽ ബൈതുൽ മഖ്ദിസ് ഖിബ്‌ലയാക്കി നിശ്ചയിക്കാനുള്ള കാരണമെന്തായിരുന്നു?

അതിനെക്കുറിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "മുമ്പ് നീ തിരിഞ്ഞ ദിക്കിനെ നാം ഖിബ്‌ലയാക്കി നിശ്ചയിച്ചത്, ദൈവദൂതനെ പിന്തുടരുന്നവരെയും പിന്തിരിഞ്ഞ് പോകുന്നവരെയും വേർതിരിച്ച് കാണാൻവേണ്ടി മാത്രമായിരുന്നു. ഈ നടപടിയാകട്ടെ വലിയൊരു പ്രയാസം തന്നെയായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ മാർഗദർശനം ലഭിച്ചവർക്ക് അത് ഒട്ടും പ്രയാസകരമായിരുന്നില്ല" (*അൽബഖറ* 143).

അറബികൾ അന്ധമായ പക്ഷപാതികളും വംശീയ വിശുദ്ധിയിൽ അഹങ്കരി

ക്കുന്നവരുമായിരുന്നു. വംശീയ ദുരഭിമാനത്തിൽ ഉന്മത്തരായ അവർക്ക് കഅ്ബയെ വിട്ട് അവരുടെ സംസ്കാരവുമായോ പ്രകൃതവുമായോ യാതൊരു ബന്ധവുമില്ലാത്ത ബൈതുൽ മഖ്ദിസിനെ കേന്ദ്രമാക്കുക എന്നത് ആലോചിക്കാൻ പോലും കഴിയില്ലായിരുന്നു. ഈ വംശീയ ദുരഭിമാനത്തിനേറ്റ കനത്ത പ്രഹരമായിരുന്നു ബൈതുൽ മഖ്ദിസിനെ ഖിബ്‌ലയാക്കിയത്. ഇത്തരം കുടുസ്സായ വീക്ഷണവും അസ്പൃശ്യതയും ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ച് പൂജിക്കുന്നവർക്ക് ദൈവിക സന്ദേശത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുക ഒട്ടും സാധ്യമായിരുന്നില്ല. അതുകൊണ്ട് ഇത്തരം സങ്കുചിത വീക്ഷണക്കാരെയും മണ്ണിന്റെ മക്കൾ വാദക്കാരെയും ദൈവിക മാർഗത്തിൽ കണ്ണിചേരുന്ന വിശാല വീക്ഷണ ബോധമുള്ളവരിൽനിന്ന് വേർതിരിച്ച് കാണിക്കുക എന്നതായിരുന്നു ആദ്യം ബൈതുൽ മഖ്ദിസ് ഖിബ്‌ലയാക്കി നിശ്ചയിച്ചതിലെ ദൈവിക യുക്തി.

അന്ധമായ അറേബ്യൻ ദേശീയതക്കപ്പുറം മനുഷ്യ സമൂഹത്തെ ഒന്നായി കാണാനുള്ള യോഗ്യത പ്രവാചക ശിക്ഷണം ലഭിച്ച മുസ്‌ലിം സമൂഹം ആർജിച്ചെടുക്കുകയും ബൈതുൽ മഖ്ദിസിന്റെ കേന്ദ്രപദവി അവസാനിപ്പിക്കാനായിരിക്കുന്നു എന്ന് അല്ലാഹു തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലായിരുന്നു ഖിബ്‌ലമാറ്റം. ഖിബ്‌ലമാറ്റം കേവലം നമസ്കാരത്തിന്റെ ദിശമാറ്റൽ ചടങ്ങ് മാത്രമായിരുന്നില്ല എന്നർഥം.

ഖിബ്‌ലമാറ്റം പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി പ്രസ്തുത ചർച്ച അല്ലാഹു ആരംഭിക്കുന്നത് ഇപ്രകാരമാണ്: “മൂഢജനം തീർച്ചയായും പറയും; നമസ്കാരത്തിൽ മുമ്പ് അഭിമുഖീകരിച്ചിരുന്ന ഖിബ്‌ലയിൽനിന്നും അവരെ പെട്ടെന്ന് തെറ്റിച്ചുകളഞ്ഞതെന്ത്? നബിയേ, അവരോട് പറയുക; കിഴക്കും പടിഞ്ഞാറുമെല്ലാം അല്ലാഹുവിന്റേതാകുന്നു. അല്ലാഹു ഇഛിക്കുന്നവരെ അവൻ നേരായ മാർഗത്തിലേക്ക് നയിക്കുന്നു. ഈവിധം നാം നിങ്ങളെ ഒരു മിത സമൂഹമാക്കിയിരിക്കുന്നു. നിങ്ങൾ ലോക ജനതക്ക് സാക്ഷികളാകുന്നതിനുവേണ്ടി, ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകാൻ വേണ്ടിയും” (*അൽബഖറ* 142,143).

ഈ സൂക്തം വിശദീകരിച്ചുകൊണ്ട് സയ്യിദ് മൗദൂദി എഴുതുന്നു: “മുഹമ്മദ് നബിയുടെ സമുദായത്തിന്റെ നേതൃത്വത്തെക്കുറിച്ചുള്ള പ്രഖ്യാപനമാണിത്. ‘ഈവിധം’ എന്ന വാക്കിൽ രണ്ടു ഭാഗത്തേക്കുമുള്ള സൂചനയുണ്ട്; മുഹമ്മദ് നബിയുടെ നേതൃത്വം അംഗീകരിച്ചവർക്ക് നേർമാർഗം തിരിച്ചറിയാനും അതിലൂടെ പുരോഗമിച്ച് ‘ഉമ്മതുൻ വസതുൻ’ എന്ന ഉന്നതസ്ഥാനം കരസ്ഥമാക്കാനും കാരണമായ മാർഗദർശനത്തിലേക്കും ഖിബ്‌ലയെ മാറ്റിയ സംഭവത്തിലേക്കും. ഖിബ്‌ല ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേക്ക് മാറ്റിയെന്നത് മാത്രമാണ് അതിനെക്കുറിച്ച് വിഡ്ഢികൾ മനസ്സിലാക്കുന്നത്. വാസ്തവമാകട്ടെ, ബൈതുൽ മഖ്ദിസിൽനിന്ന് ഖിബ്‌ല കഅ്ബയുടെ ഭാഗത്തേക്ക് മാറ്റിയത് ലോക നേതൃപദവിയിൽനിന്ന് അല്ലാഹു ഇസ്‌റാഈല്യരെ ഔപചാരികമായി പുറത്താക്കിയെന്നും മുഹമ്മദ് നബിയുടെ അനുയായികൾക്ക് ആ സ്ഥാനം നൽകിയെന്നുമാണ് സൂചിപ്പിക്കുന്നത്” (*തഫ്ഹീമുൽ ഖുർആൻ* ഭാഗം 1 പേജ് 108, കുറിപ്പ് 144).

പിന്നീട് ഖിബ്‌ല മാറ്റത്തിന്റെ ഖണ്ഡിതമായ പ്രഖ്യാപനവും നടത്തുന്നു. “ഓ പ്രവാചകരേ, താങ്കളുടെ മുഖം മാനത്തേക്ക് ആവർത്തിച്ച് ഉയരുന്നത് നാം കാണുന്നുണ്ട്. ശരി, നാം താങ്കളെ താങ്കളിഷ്ടപ്പെടുന്ന ഖിബ്‌ലയുടെ ദിക്കിലേക്ക് തിരിക്കുകയാണ്. അതിനാൽ മസ്ജിദുൽ ഹറാമിന്റെ വശത്തേക്ക് മുഖം തിരിക്കുക. ഇനി നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ ഭാഗത്തേക്ക് മുഖം തിരിച്ച് നമസ്കരിക്കുക” (*അൽബഖറ* 144).

“താങ്കളുടെ മുഖം ആകാശത്തേക്ക് ആവർത്തിച്ച് ഉയരുന്നത് നാം കാണുന്നുണ്ട്” എന്നും “നാം താങ്കളെ താങ്കളിഷ്ടപ്പെടുന്ന ഖിബ്‌ലയുടെ ദിക്കിലേക്ക് തിരിക്കുകയാണ്” എന്നും പറഞ്ഞതിനെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: “..........ഇസ്‌റാഈല്യരുടെ നേതൃഘട്ടം അവസാനിച്ചിരിക്കുന്നുവെന്നും അതോടെ ബൈതുൽ മഖ്ദിസിന്റെ കേന്ദ്രപദവി അവസാനിച്ചിരിക്കുന്നു എന്നും ഇബ്‌റാഹീം നബിയുടെ സാക്ഷാൽ കേന്ദ്രത്തിന്റെ ഭാഗത്തേക്ക് തിരിയേണ്ട സന്ദർഭം ആസന്നമായിരിക്കുന്നുവെന്നും തിരുമേനിക്ക് തന്നെ തോന്നിത്തുടങ്ങിയിരുന്നു” (*തഫ്ഹീമുൽ ഖുർആൻ* വാള്യം 1, പേജ് 111 കുറിപ്പ് 146).

ഖിബ്‌ലമാറ്റം സംബന്ധിച്ച ചർച്ചയുടെ സമാപനം ഇങ്ങനെയാണ്: “താങ്കൾ എവിടെ സഞ്ചരിച്ചാലും താങ്കളുടെ മുഖം മസ്ജിദുൽ ഹറാമിന്റെ ദിക്കിലേക്ക് തന്നെ തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ ദിശയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുക. അങ്ങനെ നിങ്ങൾക്കെതിരിൽ ജനത്തിന് ഒരു ന്യായവും ലഭിക്കാതിരിക്കട്ടെ. എന്നാൽ അവരിൽ അധർമകാരികൾ ഒരിക്കലും നാവടക്കുകയില്ല. അവരെ നിങ്ങൾ ഭയപ്പെടരുത്. എന്നെ ഭയപ്പെടുവിൻ. ഇത് എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കേണ്ടതിനാകുന്നു” (*അൽബഖറ* 150).

ഈ സൂക്തത്തിലെ അടിവരയിട്ട ഭാഗം വിശദീകരിച്ചുകൊണ്ട് സയ്യിദ് മൗദൂദി എഴുതുന്നു: “ഇസ്‌റാഈല്യരിൽനിന്നും തിരിച്ചെടുത്ത് ഈ സമുദായത്തിന് നൽകിയ ലോകനേതൃത്വമാകുന്ന അനുഗ്രഹമാണ് വിവക്ഷ. ഒരു സമുദായത്തിന്റെ മാർഗനിഷ്ഠക്ക് ഇഹലോകത്ത് വെച്ച് ലഭിക്കാവുന്ന ഏറ്റവും വലിയ പ്രതിഫലം, അല്ലാഹുവിന്റെ സന്മാർഗനിർദേശം വഴി അവരെ ലോകജനതയുടെ നേതാക്കളും മാർഗദർശികളുമാക്കുകയും ദൈവഭക്തിയുടെയും സത്യധർമങ്ങളുടെയും ഋജുമാർഗത്തിലൂടെ മനുഷ്യവംശത്തെ നയിക്കുകയെന്ന സേവനം അവരെ ഭരമേൽപിക്കുകയും ചെയ്കയെന്നതാണ്. ഈ സ്ഥാനവും പദവിയും ഒരു സമുദായത്തിന് ലഭിക്കുന്നതിന്റെ അർഥം, അല്ലാഹുവിന്റെ അനുഗ്രഹം അവർക്ക് പൂർത്തിയായി ലഭിച്ചു കഴിഞ്ഞുവെന്നാണ്. ഖിബ്‌ലമാറ്റത്തെക്കുറിച്ചുള്ള ഈ കൽപന പ്രസ്തുത ഉൽകൃഷ്ടസ്ഥാനം നിങ്ങൾക്ക് നൽകിയെന്നതിന്റെ വ്യക്തമായ അടയാളമത്രെ. ഇക്കാരണം കൊണ്ടുതന്നെ എന്റെ ഈ കൽപനയുടെയും നിയമലംഘനത്തിന്റെയും ഫലമായി ഈ സ്ഥാനം നിങ്ങളിൽനിന്നും പിടിച്ചെടുക്കപ്പെട്ടേക്കും എന്നെല്ലാമാണ് അല്ലാഹു അരുളുന്നത്” (*തഫ്ഹീമുൽ ഖുർആൻ* ഭാഗം 1 പേജ് 113 കുറിപ്പ് 151).

ചുരുക്കത്തിൽ, ഇസ്‌റാഈല്യരിൽ കേന്ദ്രീകൃതമായിരുന്ന നേതൃപദവി തിരിച്ചുപിടിച്ച് മുഹമ്മദ് നബിയുടെ സമൂഹത്തെ ഏൽപിച്ച് കൊടുക്കുന്നതിന്റെ പ്രതീകാത്മകമായ അധികാര കൈമാറ്റച്ചടങ്ങായിരുന്നു ഖിബ്‌ലമാറ്റം. ഇവിടെ പ്രസക്തമാകുന്ന ചില ചോദ്യങ്ങളുണ്ട്. എന്തുകൊണ്ടാണ് അല്ലാഹു ഇപ്രകാരം ഒരു തീരുമാനമെടുത്തത്? ഇസ്‌റാഈല്യരിൽനിന്നും നേതൃപദവി തിരിച്ചു പിടിക്കുമ്പോൾ അവർക്കുണ്ടായിരുന്ന യോഗ്യതക്കുറവുകൾ എന്തെല്ലാമാണ്? മുഹമ്മദ് നബിയുടെ സമൂഹത്തെ അതിന് യോഗ്യമാക്കിയ ഘടകങ്ങ

ളെന്തെല്ലാമായിരുന്നു?

ഇസ്റാഈല്യരുടെ അയോഗ്യതകളും ദൗർബല്യങ്ങളും ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു:

**1) അന്ധമായ പാരമ്പര്യവാദം**

"അവർ പറയുന്നു: ജൂതനാവാതെയും ക്രിസ്ത്യാനിയാവാതെയും ആരും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ഇതവരുടെ വ്യാമോഹങ്ങളാകുന്നു" (*അൽബഖറ* 111). മറ്റൊരിടത്ത് അവരുടെ സങ്കുചിത പാരമ്പര്യവാദത്തെക്കുറിച്ച് പറയുന്നു: "അവർ പറയുന്നു: നിങ്ങൾ ജൂതരോ ക്രിസ്ത്യാനികളോ ആകുവിൻ. എങ്കിലേ സന്മാർഗം പ്രാപിക്കൂ. താങ്കൾ പറയുക: അല്ല. എല്ലാം വെടിഞ്ഞ് ഇബ്റാഹീമിന്റെ മാർഗമാണ് സ്വീകരിക്കേണ്ടത്. ഇബ്റാഹീമോ, ബഹുദൈവവിശ്വാസികളിൽ പെട്ടിരുന്നില്ല" (*അൽബഖറ* 135). മാനവ സമൂഹത്തെ ഒന്നായി കാണുന്നവർക്കേ ലോക നേതൃപദവി കൈകാര്യം ചെയ്യാനുള്ള അർഹതയുള്ളൂ എന്ന പാഠമാണ് ഈ സങ്കുചിത വർഗബോധത്തെ വിമർശിച്ചുകൊണ്ട് അല്ലാഹു ഉണർത്തുന്നത്.

**2) സത്യസാക്ഷ്യം മറച്ചുവെക്കുക**

ഖിബ്‌ലമാറ്റം സംബന്ധിച്ച ചർച്ച ആരംഭിക്കുന്നതിന്റെ തൊട്ടുമുമ്പ് ഇസ്റാഈല്യർ സത്യസാക്ഷ്യം മറച്ചുപിടിക്കുന്നു എന്ന് ഖുർആൻ വിമർശിക്കുന്നുണ്ട്. "തന്റെ കൈവശം അല്ലാഹുവിങ്കൽ നിന്നുള്ള ഒരു സാക്ഷ്യമുണ്ടായിരിക്കുകയും എന്നിട്ടതിനെ ഗോപ്യമാക്കിവെക്കുകയും ചെയ്തവനേക്കാൾ വലിയ അക്രമി ആരുണ്ട്? നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെക്കുറിച്ചൊന്നും അല്ലാഹു അശ്രദ്ധനല്ല തന്നെ" (*അൽബഖറ* 140).

ഇനി അവരത് നാവുകൊണ്ട് പ്രഖ്യാപിച്ചിരുന്നെങ്കിൽതന്നെ, അതിന്റെ കർമസാക്ഷികളാവുന്നതിൽ അവർ പരാജയപ്പെട്ടിരുന്നു. "നിങ്ങൾ സ്വന്തത്തെ വിസ്മരിച്ചുകൊണ്ട് മറ്റുള്ളവരെ ധർമം ഉപദേശിക്കുകയാണോ, നിങ്ങൾ വേദഗ്രന്ഥം വായിച്ച് കൊണ്ടിരിക്കെ? നിങ്ങൾ ഒട്ടും ബുദ്ധി ഉപയോഗിക്കുന്നില്ലേ?" (*അൽബഖറ* 44).

ഖിബ്‌ലമാറ്റ ചർച്ചക്കൊടുവിൽ സത്യസാക്ഷ്യം ഗോപ്യമാക്കി വെക്കുന്നവർക്കുള്ള ഇഹപര ശിക്ഷകളെയും ഖുർആൻ ഗൗരവപൂർവം ഉണർത്തുന്നുണ്ട് (*അൽബഖറ* 159,160,174). ഉത്തമസമൂഹം, മധ്യമസമൂഹം എന്നീ വിശേഷണങ്ങൾ സിദ്ധിച്ച ഒരു ജനതക്കുണ്ടായിരിക്കേണ്ട മുഖ്യ യോഗ്യതകളിലൊന്നാണ് സത്യസാക്ഷ്യം.

**3) ദുർവ്യാഖ്യാനം**

അല്ലാഹു പറയുന്നു: "തുഛമായ കാര്യലാഭങ്ങൾക്കുവേണ്ടി സ്വകരങ്ങളാൽ വേദവാക്യങ്ങളെഴുതുകയും (നിയമലിഖിതങ്ങൾ ചമക്കുകയും) പിന്നീട് ഇവ ദൈവത്തിങ്കൽനിന്നുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നവർക്ക് നാശം. അവരുടെ കരങ്ങൾ എഴുതിയത് അവർക്ക് നാശ നിമിത്തമാകുന്നു. അതുവഴി അവർ സമ്പാദിക്കുന്നതും നാശനിമിത്തമാകുന്നു" (*അൽബഖറ* 79).

വേദവാക്യങ്ങളിൽനിന്ന് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാനുതകുന്നവ മാത്രം സ്വീകരിക്കുകയും ബാക്കിയുള്ളവ അവഗണിക്കുകയും ചെയ്യുന്ന ഇസ്റാഈല്യരുടെ ദുഷ്ടബുദ്ധിയെ വിശുദ്ധ ഖുർആൻ കൈകാര്യം ചെയ്യുന്നുണ്ട്: "നിങ്ങൾ വേദത്തിന്റെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റുഭാഗങ്ങൾ നിഷേധിക്കുകയുമാണോ? നിങ്ങളിൽ ആ വിധം ചെയ്യുന്നവർക്കുള്ള പ്രതിഫലം, ഐഹിക ജീവിതത്തിൽ നിന്ദ്യനും നീചനുമായിത്തീരുകയും അന്ത്യദിനത്തിൽ ഏറ്റവും കഠിനമായ പീഡനത്തിലേക്ക് തള്ളപ്പെടുകയും ചെയ്യലല്ലാതെ മറ്റെന്ത്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ല തന്നെ" (*അൽബഖറ* 85). ഇസ്റാഈല്യരുടെ പ്രതാപവും പദവിയും നഷ്ടപ്പെട്ട് ഐഹിക ലോകത്ത് തന്നെ നിന്ദ്യതയുടെ നുകം പേറേണ്ടി വന്നതിന്റെ കാരണം കൂടിയാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്.

**4) ദൈവികാധ്യാപനങ്ങളെ പരിഹാസ്യമാക്കി തള്ളുക.**

അല്ലാഹു നൽകിയ അനുഗ്രങ്ങൾ ഒട്ടും പരിഗണിക്കാതെ ദൈവിക കൽപനകളും പ്രവാചകാധ്യാപനങ്ങളും പരിഹാസ്യമാക്കി തള്ളിക്കളയുന്ന ഇസ്റാഈല്യരെ വിശുദ്ധ ഖുർആൻ കണക്കിന് അധിക്ഷേപിക്കുന്നുണ്ട്. പശുഭക്തിയുടെയും ഗോപൂജയുടെയും രോഗം ബാധിച്ച ഇസ്റാഈല്യരെ അതിൽനിന്ന് മോചിപ്പിക്കാനും അതിന്റെ നിരർഥകത ബോധ്യപ്പെടുത്താനും അവരോട് പശുവിനെ അറുക്കാൻ കൽപിച്ചപ്പോൾ അവർ സ്വീകരിച്ച നിലപാട് ഉദാഹരണം (*അൽബഖറ* 67-74).

ഒരു ഉത്തമസമൂഹത്തിനുണ്ടായിരിക്കേണ്ട മേൽപറഞ്ഞ ഗുണവിശേഷങ്ങൾക്കു പുറമെ അടിസ്ഥാന മാനവിക ഗുണങ്ങളായ ഇഛാശക്തി, നിശ്ചയദാർഢ്യം, ഉത്കർഷബോധം, ധീരത, കഠിനാധ്വാനം, സ്വാതന്ത്ര്യവാഞ്ഛ, ലക്ഷ്യത്തോടുള്ള അഭിനിവേശം, സമർപ്പണ ബോധം, കാര്യഗ്രഹണശേഷി, കാര്യങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് തന്ത്രങ്ങൾ ആവിഷ്കരിക്കാനുമുള്ള ആസൂത്രണ പാടവം, സമചിത്തത, ജനങ്ങളിൽ കർമാവേശം ഉണ്ടാക്കാനുള്ള കഴിവ്, മേധാശക്തി തുടങ്ങിയ അതിപ്രധാന ഗുണങ്ങളും നഷ്ടപ്പെടുത്തിയ ഒരു സമൂഹമായിരുന്നു ഇസ്റാഈല്യരെന്ന് *അൽബഖറ*യിലെ സൂക്തങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

ഇത്തരം മാനവികവും ആത്മീയവുമായ ഗുണങ്ങൾ മേളിക്കുമ്പോഴാണ് ദൈവിക പ്രാതിനിധ്യമെന്ന ഉത്തരവാദിത്വം അല്ലാഹു ഒരു സമൂഹത്തെ ഏൽപിക്കുന്നത്. അത്തരം ഒരു സംഘം നിലവിലില്ലെങ്കിൽ, അടിസ്ഥാന മാനവിക യോഗ്യതകൾ മാത്രമുള്ള, ഭൗതികോപാധികളിൽ മികച്ച് നിൽക്കുന്നവർക്ക് അല്ലാഹു ലോക നേതൃപദവി ഏൽപിച്ച് കൊടുക്കുന്നു. "ഇസ്‌ലാമിക മൂല്യങ്ങളെ മാനവിക ഗുണങ്ങൾ കൊണ്ട് അലംകൃതമാക്കുകയും പിന്നീട് ഭൗതികോപാധികളും വിഭവങ്ങളും നന്നായി ഉപയോഗിക്കുകയും ചെയ്യുന്ന ഒരു സംഘം ലോകത്ത് നിലവിലില്ലെങ്കിൽ, ലോകത്തിന്റെ അധികാരവും നേതൃത്വവും, ഇസ്‌ലാമിക മൂല്യങ്ങളില്ലെങ്കിലും അടിസ്ഥാന മാനവിക യോഗ്യതകളിലും ഭൗതികോപാധികളിലും മികച്ച് നിൽക്കുന്ന വിഭാഗത്തിനായിരിക്കും എന്നതും അല്ലാഹുവിന്റെ നടപടി ക്രമങ്ങളുടെ ഭാഗമാണ്" (മൗലാനാ മൗദൂദി, *പ്രസ്ഥാനവും പ്രവർത്തകരും* പേജ് 33). ■